പുതിയ പോലീസ് സ്റ്റേഷനുകൾ

1206. [1642] ശ്രീ. ടി. വി. വിജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു ;

(ബി) അവയിൽ എത്ര സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടവും കോർട്ടേഴ്സും ഉണ്ടാക്കുവാൻ കഴിഞ്ഞു ?

ഉത്തരം

(എ) 21.

(ബി) അവയിൽ നാലെണ്ണം സ്വന്തമായ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കോന്നി പോലീസ് സ്റ്റേഷൻ കെട്ടിടം

1207. [1643] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി പോലീസ് സ്റ്റേഷൻ കെട്ടിടം ഇന്നും തീരെ സൗകര്യമില്ലാത്ത ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിലുണ്ടോ ;

(ബി) സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഗവൺമെൻറ് തീരുമാനം അനുസരിച്ച് നടപടികൾ എത്രത്തോളമായിയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽതന്നെ സ്റ്റേഷൻ കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് അറിവുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല.

(സി) സാമ്പത്തിക സ്ഥിതിക്ക് വിധേയമായി മാത്രമേ കെട്ടിടം പണി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

മാവേലിക്കര പോലീസ് സ്റ്റേഷൻ കെട്ടിടം പണി

1208. [1644] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര പോലീസ് സ്റ്റേഷൻ കെട്ടിടം പണിയാനുള്ള അനുവാദം ഗവൺമെൻറ് നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പണി എന്നത്തേയ്ക്ക് പൂർത്തിയാകും ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണി ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly